# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 21-10-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 424

### വിവിധ തുറമുഖങ്ങളിലെ ഗതാഗതവും ചരക്ക നീക്കവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ :<br>ശ്രീ. എസ്.ശർമ്മ :<br>ശ്രീ. റ്റി.വി.രാജേഷ് :<br>ശ്രീ. കെ.ദാസൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ തുറമുഖങ്ങളിലൂടെയുള്ള ഗതാഗതവും ചരക്ക നീക്കവും വിപുലീകരിക്കുവാനായി ചെയ്ത വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ; | (എ) കേരള സംസ്ഥാനത്തെ തീരദേശവികസനം ലക്ഷ്യം വച്ച കൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , അഴീക്കൽ , ബേപ്പൂർ എന്നീ തുറമുഖങ്ങളാന് ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നേരിട്ട് വികസിപ്പിക്കുന്നത്.<br>കൊല്ലം തുറമുഖത്ത് ഒന്നാംഘട്ട വികസനം എല്ലാംതന്നെ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ഒരു മൾട്ടിപർപ്പസ് ബർത്തിന്റെ പണിയും , ചാനലിന്റെ അഴം 10 മീറ്ററായി വർദ്ധിപ്പിക്കുന്നതിന്റേയും പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഇവിടെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനവും സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.<br>ബേപ്പൂർ , അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ യന്ത്ര സാമഗ്രികളും സജ്ജമാക്കിയിട്ടുണ്ട്. ആഴം വർദ്ധിപ്പിക്കുന്നതിനും കസ്റ്റംസ് ക്ലിയറൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൊടുങ്ങല്ലൂരിൽ പുതിയതായി ഒരു വാർഫ് നിർമ്മിക്കുന്നതിനും, ആഴം വർദ്ധിപ്പിക്കുന്ന തിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>കൂടാതെ പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 763 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന " All Weather Port" പൊന്നാനിയിൽ സ്ഥാപിക്കുന്നതിന് മെസേഴ്സ്. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) അതിവേഗ യാത്രാ ബോട്ട് | (ബി) കോവളം - കന്യാകുമാരി , കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളെ |

സർവ്വീസ് ആരംഭിക്കുവാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

ബന്ധിപ്പിച്ച് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കൊച്ചി-കോഴിക്കോട് മേഖലയിൽ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള വിദേശനിർമ്മിത ജലയാനങ്ങളുടെ പരിശോധനകൾ അന്തിമഘട്ടത്തിലാണ് . കൂടാതെ ഈ പദ്ധതിക്കായി കാസർഗോഡ് , ആലപ്പുഴ , വലിയതുറ, വെള്ളയിൽ എന്നീ തുറമുഖങ്ങളിൽ ഫ്ലോട്ടിംഗ് ജെട്ടികൾ സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) വിവിധ തുറമുഖങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ലഭ്യമാക്കുവാൻ നടത്തിയിട്ടുള്ള ശ്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

(സി) അഴീക്കൽ തുറമുഖ വികസനം , കൊല്ലം അഴീക്കൽ , ബേപ്പൂർ എന്നീ തുറമുഖങ്ങളിലേക്ക് ക്രെയിൻ വാങ്ങൽ , കൊല്ലം തുറമുഖ ത്തിന്റെ വികസനത്തിനായി പ്ലാന്റ് ക്വാരന്റൈൻ ക്ലിയറൻസ് ഓഫീസ്, എമിഗ്രേഷൻ ക്ലിയറൻസ് ഓഫീസ് , കസ്റ്റംസ് കോസ്റ്റ് റക്കവറി ചാർജ്ജസ് ഒഴിവാക്കൽ എന്നിവയ്ക്കായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ സെൻട്രൽ വെയർ ഹൌസിംഗ് കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പ്രവർത്തന സജ്ജമാക്കുന്നതിനും , കൊല്ലത്തും കൊടുങ്ങല്ലൂരും ഓരോ ഇൻലാന്റ് കണ്ടെയ്നർ ഡിപ്പോ സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ